No: PAN/9150/2020-E1(DP)


**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**പബ്ലിക് ഓഫീസ് പി ഓ , 695033 ,**
**തിരുവനന്തപുരം**
**directorofpanchayat@gmail.com**
**0471-2323286**

**തീയതി :23.07.2020**

**പഞ്ചായത്ത് ഡയറക്ടർ**

**എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും**

സർ,

വിഷയം: പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം – കോവിഡ് 19 – പ്രതിരോധ പ്രവർത്തനങ്ങൾ – ഗ്രാമ പഞ്ചായത്തുകൾ മുഖാന്തരം ഏറ്റെടുത്ത പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ജീവനക്കാരുടെ സാന്നിധ്യം ഉറപ്പ വരുത്തുന്നത് -സംബന്ധിച്ച്
–

സൂചന:

പഞ്ചായത്ത് വകുപ്പ് അവശ്യ സർവീസായി പ്രഖ്യാപിച്ച സാഹചര്യത്തിൽ കോവിഡ് 19 – പ്രതിരോധ പ്രവർത്തനങ്ങൾക്ക് ജീവനക്കാരുടെ സാന്നിധ്യം ഉറപ്പ് വരുത്തുന്നതിനായി മുഴുവൻ തസ്തികകളിലെയും ഒഴിവ് നികത്തി ജീവനക്കാർക്ക് പൊതുസ്ഥലം മാറ്റവും സ്ഥാനക്കയറ്റവും അനുവദിച്ച് ഈ ഓഫീസിൽ നിന്നും പല ഘട്ടങ്ങളിലായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവനുസരിച്ച് വിവിധ തസ്തികകളിലെ ജീവനക്കാർ യഥാസമയം സേവനത്തിൽ പ്രവേശിക്കാത്തതും മതിയായ കാരണങ്ങൾ ഇല്ലാതെ അവധിയിൽ പോകുന്നതും കോവിഡ് 19 – പ്രതിരോധ പ്രവർത്തനങ്ങൾക്കും ഗ്രാമപഞ്ചായത്തുകളുടെ മറ്റ് ദൈനംദിന പ്രവർത്തനങ്ങൾക്കും വിഘാതം സൃഷ്ടിക്കുന്നതായി പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നടക്കം വ്യാപകമായ പരാതികൾ ഉയർന്നു വന്ന സാഹചര്യത്തിൽ ചുവടെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ഗൗരവമായ കാരണങ്ങളാൽ മെഡിക്കൽ അവധിയിൽ തുടരുന്ന ജീവനക്കാർ ഒഴികെ മറ്റ് എല്ലാതരം അവധിയിൽ തുടരുന്നവരുമായ ജീവനക്കാരുടെയും അവധികൾ റദ്ദാക്കി 27.07.2020 തീയതിക്കകം സേവനത്തിൽ പ്രവേശിക്കാൻ മുഴുവൻ ജീവനക്കാർക്കും ഇന്ന് തന്നെ നിർദേശം നൽകേണ്ടതാണ്.

2) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ അനുവദിച്ച അവധികളിലും മേൽ നിർദേശം കർശനമായി പാലിക്കുന്നു എന്ന് അതാത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

3) മേൽനിർദേശം പാലിച്ച ശേഷം ഓരോ തസ്തികയിലെയും ഒഴിവുകൾ 27.07.2020 തീയതി 3 മണിക്ക് മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

4) അവധി റദ്ദാക്കി സേവനത്തിൽ പ്രവേശിക്കാത്ത ജീവനക്കാരുടെ രേഖാമൂലമുള്ള വിശദീകരണം ആവശ്യപ്പെടേണ്ടതും ആയത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അഭിപ്രായം സഹിതം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

5) സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും അനുവദിച്ച് ഈ ഓഫീസിൽ നിന്നും പല ഘട്ടങ്ങളിലായി പുറപ്പെടുവിച്ചിരുന്ന ഉത്തരവനുസരിച്ച് യഥാസമയം സേവനത്തിൽ പ്രവേശിക്കാത്ത വിവിധ തസ്തികകളിലെ ജീവനക്കാരെ ഉത്തരവിൻ പ്രകാരം അവരുടെ നിലവിലെ സ്റ്റേഷനുകളിൽ നിന്നും ഇന്ന് തന്നെ വിടുതൽ ചെയ്യേണ്ടതും ടിയാളുകൾ പുതിയ സ്റ്റേഷനുകളിൽ സേവനത്തിൽ പ്രവേശിക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്. സേവനത്തിൽ പ്രവേശിക്കാത്ത ജീവനക്കാരുടെ രേഖാമൂലമുള്ള വിശദീകരണം ആവശ്യപ്പെടേണ്ടതും ആയത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അഭിപ്രായം സഹിതം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

6) ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ ഒരു തസ്തികയിലെയും സ്ഥലം മാറ്റത്തിനുള്ള അപേക്ഷ ഈ ഓഫീസിലേക്ക് ഇ മെയിൽ മുഖാന്തരമോ നേരിട്ടോ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേനേയോ സമർപ്പിക്കേണ്ടതില്ല.

മേൽ നിർദേശങ്ങൾ കർശനമായി പാലിക്കാൻ മുഴുവൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും വ്യക്തിപരമായി ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

M P AJITH KUMAR
ADDITIONAL DIRECTOR OFPANCHAYATS